ഉത്തരം

(എ, ബി, സി & ഡി) പ്രോസിക്യൂഷൻ കേസ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സൂപ്രണ്ട് ഓഫ് പോലീസ്/ കമ്മീഷണർ ഓഫ് പോലീസ് നൽകുന്ന റിപ്പോർട്ടിന്റെ വെളിച്ചത്തിലും നിയമവകുപ്പിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിലും പിൻവലിക്കാൻ യോഗ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെടുന്ന കേസുകളാണ് ബന്ധപ്പെട്ട കോടതികളുടെ അനുമതിയോടും സി.ആർ.പി.സി. 321 ന് വിധേയമായി പിൻവലിക്കാൻ സർക്കാർ അനുമതി നൽകാറുള്ളത്. അപേക്ഷകരുടെ രാഷ്ട്രീയ പാർട്ടികളിലെ അംഗത്വവും പാർട്ടി ബന്ധവും പരിഗണിച്ചല്ല കേസുകൾ പിൻവലിക്കുവാൻ നിർദ്ദേശം നൽകാറുള്ളത്.

കെ. ലക്ഷ്മണൻ നാടാരുടെ മരണത്തെക്കുറിച്ച് അന്വേഷണം

66. [830] ഡോ. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004 ജൂലായ് 12-ാം തിയ്യതി തിരുവനന്തപുരം ജില്ലയിലെ വള്ളക്കടവ് കരമനയാറ്റിൽ കൊലചെയ്യപ്പെട്ട നിലയിൽ കാണപ്പെട്ട കെ. ലക്ഷ്മണൻ നാടാരുടെ മരണ കാരണം സംബന്ധിച്ച പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ലക്ഷ്മണൻ നാടാരുടെ മരണത്തിനിടയായ സംഭവത്തിലെ പ്രതികൾ ആരൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഏതെങ്കിലും പ്രതിയെ പോലീസ് അറസ്റ്റുചെയ്യുകയുണ്ടായോ ;

(സി) പോലീസ് അന്വേഷണം ഊർജ്ജിതപ്പെടുത്തി യഥാർത്ഥ പ്രതികളെ അറസ്റ്റു ചെയ്യുന്നതിനും നിയമനടപടികൾ സ്വീകരിക്കുന്നതിനും തയ്യാറാകുമോ ?

ഉത്തരം

(എ) പൂർത്തിയായിട്ടില്ല. തിരുവനന്തപുരം ക്രൈംബ്രാഞ്ച് യൂണിറ്റ് ഊർജ്ജിതമായി അന്വേഷണം നടത്തിവരുന്നു.

(ബി, സി) യഥാർത്ഥ പ്രതികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സ്വാതന്ത്ര്യ സമരകാലത്ത് പ്രവർത്തിച്ച ഖാദി-ഹിന്ദി പ്രചാരകർക്കു സ്വാതന്ത്ര്യ സമര പെൻഷൻ അനുവദിച്ചുകൊണ്ടുള്ള ഉത്തരവ്

67. [831] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യ സമര പെൻഷൻ, സ്വാതന്ത്ര്യ സമരകാലത്ത് പ്രവർത്തിച്ച ഖാദി-ഹിന്ദി പ്രചാരകർക്കുകൂടി അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly